കാരൂർ സോമൻ

ഒളിമ്പിക്സിന് മാധ്യമവും

ലോകം കൺപാർക്കുന്ന കായിക ഉത്സവത്തിന് മാധ്യമവും. പ്രമുഖ എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ കാരൂർ സോമൻ തയാറാക്കുന്ന റിപ്പോർട്ടുകൾ ഇന്നുമുതൽ മാധ്യമത്തിൽ വായിക്കാം. ലണ്ടനിൽ സ്ഥിരതാമസക്കാരനായ ഇദ്ദേഹം മാവേലിക്കര താമരക്കുളം സ്വദേശിയാണ്.

പ്രവാസി എഴുത്തുകാരിൽ ശ്രദ്ധേയനായ കാരൂർ സോമൻ നേരത്തേ റാഞ്ചി എക്സ്പ്രസിന്റെ ലേഖകനായാണ് മാധ്യമ പ്രവർത്തനം ആരംഭിക്കുന്നത്. നാടകം, നോവൽ, യാത്രാ വിവരണം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിലായി ഒട്ടേറെ പുസ്തകങ്ങൾ രചിച്ചു. 26 രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള സോമൻ വിവിധ വിദേശ മാധ്യമങ്ങളുടെ പ്രതിനിധിയായും പ്രവർത്തിക്കുന്നു. വിദേശ മലയാളി സാഹിത്യ പുരസ്കാരം, ലിപി ഫൗണ്ടേഷൻ സാഹിത്യ പുരസ്കാരം എന്നിവ നേടി.

ഇതാ, പുതിയ ലണ്ടൻ

ലണ്ടൻ ഡയറി

കാരൂർ സോമൻ

ലണ്ടൻ ആഹ്ലാദത്തിലാണ്. ലോകം മുഴുവൻ ലണ്ടനിലേക്ക് ചുരുങ്ങിയിരിക്കുന്നതുപോലെ. വിവിധ രാജ്യങ്ങളിൽനിന്നുള്ള അത്ലറ്റുകളും ഒഫീഷ്യൽസുകളുമൊക്കെയായി ഒരു പുരനഗരംപോലെ ലണ്ടൻ മാറിയിരിക്കുന്നു. ഒരു മായിക നഗരംപോലെ തോന്നും ഒളിമ്പിക് വില്ലേജ് കണ്ടാൽ. എവിടെയും താരങ്ങളുടെ വൻപടകൾ. വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ. പലരും ഇംഗ്ലീഷിനുവേണ്ടി പരുങ്ങുന്നതുകണ്ടു. ചിലർ ദിഭാഷികളുടെ സഹായം തേടുന്നു. ഒളിമ്പിക്സ് വില്ലേജുകളിൽ ഒരുക്കിയിരിക്കുന്നത് കർശന സുരക്ഷാ സംവിധാനങ്ങളാണ്. വിവിധ തലങ്ങളിലുള്ള പരിശോധന കൂടാതെ ഒരാൾക്കുപോലും അകത്തുകടക്കാൻ കഴിയില്ല. അകത്തുകടന്നാലോ വിശാലമായ മറ്റൊരു ലോകമാണ് സ്റ്റാർട്ട്ഫോർഡിൽ കാത്തിരിക്കുന്നത്.

ഇപ്പോൾ തന്നെ, അത്ലറ്റുകളും ഒഫീഷ്യലുകളുമായി 17,000പേർ ഇവിടെ എത്തിച്ചേർന്നിട്ടുണ്ടെന്നാണ് അനൗദ്യോഗികമായ കണക്ക്. വിശാലമായ ഡോർമെറ്ററികളും വിശ്രമമുറികൾ, പരിശീലനകേന്ദ്രങ്ങൾ, പുറമേ 24 മണിക്കൂറും തുറന്നിരിക്കുന്ന ഭക്ഷണശാലയും. ഈ ഓപൺ റസ്റ്റാറൻറാണ് ഏറെ പേരെയും ആകർഷിച്ചിരിക്കുന്നത്. ഇവിടെ അഞ്ച് ഭൂഖണ്ഡങ്ങളിൽനിന്നുള്ളവരെയും തൃപ്തിപ്പെടുത്താൻ പറ്റുന്ന രീതിയിലാണത്രെ ഭക്ഷണമൊരുക്കിയിരിക്കുന്നത്. അരി ആഹാരവും ഇവിടെ സുലഭം. 5000 പേർക്ക് ഒറ്റയിരിപ്പിന് ഭക്ഷണം കഴിക്കാവുന്ന വിശാലമായ ഭക്ഷണമുറി, വ്യത്തിയുടെ കാര്യത്തിൽ എല്ലാവരെയും തൃപ്തിപ്പെടുത്തും. പുറമെ വില്ലേജിനുള്ളിൽ തന്നെ വിവിധ റസ്റ്റോൻറുകൾ. ഹലാൽ, യൂറോപ്യൻ, ആഫ്രിക്കൻ, ഏഷ്യൻ തുടങ്ങി ഏതു രാജ്യക്കാരനെയും ഭക്ഷണത്തിൻെറ കാര്യത്തിൽ സംതൃപ്തരാക്കാൻ തുടക്കത്തിൽതന്നെ ഫുഡ് കമ്മിറ്റിക്കു കഴിഞ്ഞിരിക്കുന്നു.

എല്ലായിടവും ഹൈടെക്കാണെന്നതാണ് മറ്റൊരു പ്രത്യേകത. നെയിം ഡിസ്പ്ലേ ബോർഡുകൾ തുടങ്ങി വൈഫൈ അടക്കമുള്ള സംവിധാനങ്ങൾ. എന്നാൽ, മീഡിയ റൂമിലും ചിലയിടങ്ങളിലും മാത്രം ഇൻറർനെറ്റ് ഉപയോഗിക്കുന്നതിന് പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. അതിനപ്പുറം ഉപയോഗിച്ചാൽ പണം നൽകേണ്ടിയും വരും.

ലണ്ടനിലെ ട്രാഫിക് സംവിധാനങ്ങൾ ഇപ്പോഴും മാറിയിട്ടില്ലെന്നതും അമിതതിരക്ക് തങ്ങളെ ബാധിച്ചിട്ടുണ്ടെന്നും വില്ലേജിനു പുറത്ത് ചുറ്റിക്കറങ്ങിയ കാമറൂൺ ജൂഡോ അത്ലറ്റ് ദെയ്ദോൺ ദൊലാസം പറഞ്ഞു. പല അത്ലറ്റുകളും ഇതാദ്യമായാണ് ഒളിമ്പിക്സ് വേദിയിലെത്തുന്നത്. അതുകൊണ്ട് ലോകം മുഴുവൻ ഉറ്റുനോക്കുന്ന വേദികണ്ട് പലർക്കും ആശ്ചര്യം, ചിലർക്ക് അമ്പരപ്പ്. ലണ്ടൻ നിവാസികൾ പോലും ഒളിമ്പിക് വില്ലേജ് കണ്ട് അത്ഭുതപ്പെട്ടിരിക്കുകയാണെന്നത് മറ്റൊരു യാഥാർഥ്യം. കമനീയമായ രീതിയിലാണ് ഇത് അണിയിച്ചൊരുക്കിയിരിക്കുന്നത്. എല്ലായിടവും എപ്പോഴും വൃത്തിയാക്കിക്കൊണ്ടേയിരിക്കുന്നു.

സുരക്ഷയുടെ കാര്യത്തിലും മറ്റും അത്ലറ്റുകളെ സഹായിക്കാനായി വിവിധ വളൻറിയർമാർ രംഗത്തെത്തിയിട്ടുണ്ട്. എല്ലാവർക്കും ഒരു ഹോളിഡേ മൂഡ്. ലണ്ടനിലെങ്ങും ഈ അവധിക്കാല മൂഡ് പ്രകടം. സർവകലാശാലകളിൽ പലതിനും അവധിയാണ്. ഇവിടെനിന്നുള്ള വിദ്യാർഥികൾ പലരും ഒളിമ്പിക്സ് വളൻറിയർമാരായി രംഗത്തെത്തിയിട്ടുണ്ട്. ഇടക്ക് പെൻഷൻ പറ്റിയ ചില സീനിയർ സിറ്റിസൺ സിനെയും കണ്ടു. എല്ലാവരുടെയും കഴുത്തിൽ വലിയ ബാഡ്ജുകൾ. അവരെല്ലാംതന്നെ വളൻറിയേഴ്സാണ്. എന്നാൽ, പലരും ദിവസക്കൂലിക്കാണ് എത്തിയിരിക്കുന്നത് എന്നതു മറ്റൊരു യാഥാർഥ്യം. 10 പൗണ്ടു മുതൽ മുകളിലേക്കാണ് പലരുടെയും ദിവസശമ്പളം.

ഇതിനു പുറമേ, സ്റ്റാർട്ട്ഫോർഡിലും ലണ്ടനിലുമുള്ളവർ തങ്ങളുടെ താമസസ്ഥലങ്ങളെയും ഹോംസ്റ്റേകളാക്കി മാറ്റിയിട്ടുണ്ട്. ഹോട്ടലുകളിൽ മുറി കിട്ടാത്തവരെ തൃപ്തിപ്പെടുത്തുകയാണ് ഇവരുടെ ഉദ്ദേശ്യം. ഒരു രാത്രിക്ക് 10 പൗണ്ടാണ് ചെലവ്. എല്ലാ സൗകര്യങ്ങളും ഉപയോഗിക്കാം. പലരും ഇതിനുവേണ്ടി ഹോട്ടലുകളുമായി പോലും ബിസിനസ് സ്ഥാപിച്ചിട്ടുണ്ട്. ചിലർ മിനി ജനറേറ്ററും സ്റ്റൗവും എയർബെഡുകളുമൊക്കെ നൽകി സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. വരുംദിവസങ്ങളിൽ കൂടുതൽ ആളുകൾ ലണ്ടനിലേക്ക് ഒഴുകിയിറങ്ങുന്നതോടെ ഒളിമ്പിക്സിൻെറ നിറവും മാറും.

അക്വാട്ടിക് ക്ലബിനു സമീപം കാംപ്ബെൽ എന്ന ഫിസിക്കൽ ട്രെയ്നറെ കണ്ടപ്പോൾ പറഞ്ഞു, ലണ്ടനിലെ കായിക വിദ്യാർഥികൾക്ക് സുവർണാവസരമാണ് ഒളിമ്പിക്സ് ഒരുക്കിയിരിക്കുന്നത്. ഗ്ലാസ്ഗോയിലാണല്ലോ അടുത്ത കോമൺവെൽത്ത് ഗെയിംസ് നടക്കുന്നത്. അതിനൊരു മുന്നൊരുക്കമായി ഇപ്പോഴത്തെ ഒളിമ്പിക്സിനെ കാണുന്നു. കാംപ്ബെൽ ഉത്തേജകമരുന്ന് പരിശോധന ക്യാമ്പിലാണ് ഇപ്പോൾ താൽക്കാലിക ജോലി ചെയ്യുന്നത്. എല്ലാവരും തിരക്കോടുതിരക്കുതന്നെ. ദിവസങ്ങൾക്കുള്ളിൽ കൂടുതൽ തിരക്കിലേക്ക് ലണ്ടനും പരിസരപ്രദേശവും വീഴും. മാധ്യമപ്പട മുഴുവൻ ലണ്ടനിൽ വന്നിറങ്ങിക്കഴിഞ്ഞു. കേരളത്തിൽനിന്നുമെത്തിയിട്ടുള്ളവരെ പലേടത്തും തിരഞ്ഞെങ്കിലും ആരെയും കണ്ടില്ല. വരുംദിവസങ്ങളിൽ കണ്ടെത്തണം.

ഗെയിംസ് വില്ലേജിനരികിലൂടെ നീങ്ങുന്ന ഒഫീഷ്യലുകൾ

വമ്പന്മാർ വിറച്ചുതുടങ്ങി

ലണ്ടൻ: അരങ്ങുണരുംമുമ്പേ അങ്കത്തട്ടുണർത്തിയ ഫുട്ബാൾ പോരാട്ടത്തിൽ അട്ടിമറിയുടെ ആദ്യ ദിനം. പുരുഷന്മാരുടെ ഫുട്ബാളിൽ ലോക-യൂറോപ്യൻ ചാമ്പ്യന്മാരായ സ്പെയിനിൻെറ യുവസംഘത്തെ ഏഷ്യൻ കരുത്തരായ ജപ്പാൻ തകർത്തപ്പോൾ സൂപ്പർതാരനിരയുമായെത്തി കന്നി ഒളിമ്പിക് സ്വർണം ചൂടാമെന്ന് മോഹിച്ച ബ്രസീൽ ജയിച്ചെങ്കിലും കിട്ടിയത് ഷോക്ട്രീറ്റ്മെൻറ്. 44 വർഷത്തിനുശേഷം ഗ്രേറ്റ് ബ്രിട്ടനായി ഒന്നിച്ചിറങ്ങിയ ആതിഥേയർക്കായിരുന്നു കനത്ത പ്രഹരം. ആഫ്രിക്കൻ രാജ്യമായ സെനഗലിനു മുന്നിൽ 1-1ന് സമനില വഴങ്ങി ഒരുവിധം രക്ഷപ്പെട്ടു. ലോകഫുട്ബാളിൻെറ നിഴൽ മാത്രമായിരുന്നു ഒളിമ്പിക്സിന് ഇക്കുറി മികച്ച താരങ്ങളെ അയച്ച് രാജ്യങ്ങൾ കൂടുതൽ ഗ്ലാമർ തിളക്കം നൽകിയപ്പോഴാണ് ആദ്യറൗണ്ട് ഫലങ്ങളിൽ അപ്രതീക്ഷിത തിരിച്ചടി നേരിട്ടത്. 2016 ഒളിമ്പിക്സ് ആതിഥേയർ കൂടിയായ ബ്രസീൽ ഗ്രൂപ് സിയിൽ ഈജിപ്തിനു മുന്നിലാണ് വിയർത്തത്. 3-2ന് മത്സരം ജയിച്ചെങ്കിലും ആദ്യ പകുതിയിലെ ഗോളിന് മുന്നിട്ടുനിന്ന മഞ്ഞപ്പട രണ്ടാം പകുതിയിൽ നന്നായി വിയർത്തു. കളിയുടെ 16ാം മിനിറ്റിൽ റാഫേലിൻെറ ഗോളിലൂടെ തുടങ്ങിയ ബ്രസീലിന് ലിയാന്ദ്രോ ഡാമിയാവോയും (26ാം മിനിറ്റ്), നെയ്മറും (30ാം മിനിറ്റ്) ചേർന്ന് ആദ്യപകുതിയിൽതന്നെ ഗോൾമഴ സമ്മാനിച്ചിരുന്നു. എന്നാൽ, മഞ്ഞപ്പടയുടെ മുന്നേറ്റത്തെ തടകെട്ടി പ്രതിരോധിച്ച ഈജിപ്ത് മുഹമ്മദ് അബുത്രികയുടെയും (52ാം മിനിറ്റ്), മുഹമ്മദ് സലാഹിൻെറയും (76ാം മിനിറ്റ്) ഗോളിലൂടെ അഞ്ചു തവണ ലോകചാമ്പ്യന്മാരായ ബ്രസീലിനെ വിരട്ടി. എതിരാളിയെ ലഘുവാക്കി കളിച്ചതിന് ലഭിച്ചതായിരുന്നു ഈ തിരിച്ചടി. എന്നാൽ, ഒരു ഗോൾകൂടി വീഴാതെ വല കാത്തതോടെ മഞ്ഞപ്പട ഒരുവിധം ജയിച്ച് കരകയറി. നാളെ ബെലറൂസിനും ആഗസ്റ്റ് ഒന്നിന് ന്യൂസിലൻഡിനുമെതിരെയാണ് ബ്രസീലിൻെറ ശേഷിച്ച മത്സരങ്ങൾ. മറ്റൊരു മത്സരത്തിൽ ബെലറൂസ് 1-0ന് ന്യൂസിലൻഡിനെ തോൽപിച്ചു.

ഗ്രൂപ് എയിൽ ആതിഥേയരായ ബ്രിട്ടൻ സെനഗലിനെതിരെ മികച്ച പ്രകടനം ആദ്യ മിനിറ്റ് മുതൽ പുറത്തെടുത്തെങ്കിലും കളിയുടെ ഫലം പ്രതീക്ഷിച്ചപോലെയായില്ല. സന്നാഹമത്സരത്തിൽ ബ്രസീലിനു മുന്നിൽ തോറ്റ ബ്രിട്ടൻെറ തിരിച്ചുവരവായിരുന്നു ഇവിടെ. ക്രെയ്ഗ് ബലാമിയുടെ ആദ്യശ്രമത്തിൽ ഗോൾ പിറക്കാതെ പോയപ്പോൾ 20ാം മിനിറ്റിലാണ് ബ്രിട്ടൻ ബെലാമിയിലൂടെതന്നെ സ്കോർ ചെയ്തത്. റ്യാൻ ഗിഗ്സിൻെറ വൈഡ് ഫ്രീകിക്കിനു മുന്നിൽ സെനഗൽ പ്രതിരോധം തകർന്നപ്പോൾ ബെലാമിയുടെ ബൂട്ടിന് ഗോളിലേക്കുള്ള വഴിതുറക്കുകയായിരുന്നു. പിന്നീടുള്ള മിനിറ്റുകളിൽ കഠിനശ്രമങ്ങൾ നടത്തിയെങ്കിലും ഗോൾ പിറന്നില്ല. എന്നാൽ, രണ്ടാം പകുതിയിൽ ഫൈനൽ വിസിലിന് 10 മിനിറ്റു മാത്രം ശേഷിക്കെ മുസ കൊനാറ്റോയുടെ സുന്ദരഗോളിലൂടെ സെനഗൽ ബ്രിട്ടീഷ് സ്വപ്നങ്ങൾക്കുമേൽ ചിറകടിച്ചു പറന്നു.

ഇതേ ഗ്രൂപ്പിൽ കോപ ചാമ്പ്യന്മാരായ ഉറുഗ്വായ് 2-1ന് യു.എ.ഇയെ കീഴടക്കി. 23ാം മിനിറ്റിൽ ഇസ്മായിൽ മാതറിൻെറ ഗോളിൽ മുന്നിൽ നിന്ന യു. എ.ഇ.യെ ഗാസ്റ്റൻ റമിറസും (42ാം മിനിറ്റ്), നികോളസ് ലൊഡീറോയും (56) ചേർന്നാണ് കീഴടക്കിയത്. ബ്രിട്ടൻ ഞായറാഴ്ച യു.എ.ഇയെ നേരിടും. ഗ്രൂപ് സിയിൽ മെക്സികോ ദക്ഷിണ കൊറിയ മത്സരവും (0-0), ഗാബോൺ സ്വിറ്റ്സർലൻഡ് മത്സരവും (1-1) സമനിലയിൽ പിരിഞ്ഞു.

ബ്രിട്ടീഷ് ഫുട്ബാൾ ടീമിനെ പിന്തുണക്കുന്ന കൊച്ചു ആരാധകർ

© PA

ചൈന ടു ലണ്ടൻ; ഗ്വാൻമിങ്ങിൻെറ റിക്ഷായാത്ര

ലണ്ടൻ: ലക്ഷങ്ങൾ അതിഥികളായെത്തിയ ലണ്ടൻ മണ്ണിൽ കഴിഞ്ഞദിവസത്തെ വിശേഷതാരം ഒരു ചൈനക്കാരൻ. ഒളിമ്പിക്സ് തിരക്കുകാരണം ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടുന്ന ലണ്ടൻ നഗരിയിലൂടെ മുച്ചക്ര സൈക്കിൾ റിക്ഷയിൽ നരച്ച താടിയുമായെത്തിയ ചൈനക്കാരൻ ചെൻ ഗ്വാൻമിങ്ങിനെ ഒളിമ്പിക്സ് നഗരി സ്വീകരിച്ചത് ആവേശത്തോടെ. നാലാണ്ടു മുമ്പ് ചൈനയിൽ കൊടിയിറങ്ങിയ ഒളിമ്പിക്സ് ഇക്കുറി തെംസ് നഗരിയുടെ തീരനഗരിയിലെത്തിയപ്പോൾ ഈ ചൈനക്കാരനും ഒപ്പംകൂടുകയായിരുന്നു. വിമാനത്തിലോ ബുള്ളറ്റ് ട്രെയിനിലോയുള്ള അതിവേഗയാത്രയല്ല. മുച്ചക്ര സൈക്കിൾ റിക്ഷയിൽ രണ്ടു വർഷത്തെ കറക്കവും കഴിഞ്ഞാണ് 57കാരൻ ലണ്ടനിലെത്തുന്നത്. 16 രാഷ്ട്രങ്ങൾ താണ്ടി വ്യാഴാഴ്ച ഒളിമ്പിക്സ് നഗരിയിലെത്തുമ്പോൾ പാരിസിലെ ഈഫൽ ടവറിനും കാലാലംപൂരിലെ ടിൻ ടവറിനും മുന്നിലുള്ള ചിത്രങ്ങൾക്കൊപ്പം തായ്ലൻഡിലെ വെള്ളപ്പൊക്കവും തുർക്കിയിലെയും തിബത്തിലെയും പ്രതിസന്ധികളുമൊക്കെയാണ് ഓർമപ്പുസ്തകം.

2010ലാണ് ഈ ചൈനീസ് ഗ്രാമീണ കർഷകൻ ലണ്ടൻ ഒളിമ്പിക്സിനായി നാട്ടിൽനിന്ന് യാത്രതിരിച്ചത്. 2008ലെ ഒളിമ്പിക്സിന് ആതിഥ്യംവഹിച്ച ബെയ്ജിങ്ങിലെ അനുഭവമാണ് അതുവരെ ചൈനക്കപ്പുറത്തെ ലോകം കാണാതിരുന്ന ചെൻ ഗ്വാൻമിങ്ങിനെ അതിസാഹസത്തിന് പ്രേരിപ്പിച്ചത്. ബെയ്ജിങ്ങിലെത്തിയ ബ്രിട്ടീഷ് പത്രപ്രവർത്തകരുടെ ക്ഷണം സ്വീകരിച്ചായിരുന്നു യാത്ര. ലണ്ടനിലെ മത്സരവേദികളിലേക്ക് കടക്കാൻ ടിക്കറ്റില്ലെങ്കിലും വൈകാതെ തനിക്ക് ടിക്കറ്റ് ലഭിക്കുമെന്നാണ് ചെന്നിൻെറ പ്രതീക്ഷ.

ചൈനയിലെ കിഴക്കൻ പ്രവിശ്യയായ ജിയാങ്ഷുവിൽനിന്ന് 2010 ഏപ്രിലിലാണ് യാത്രതുടങ്ങിയത്. വിയറ്റ്നാം, തായ്ലൻഡ്, പാകിസ്താൻ, തുർക്കി, ഇറ്റലി, ഫ്രാൻസ്, മലേഷ്യ എന്നിവയടക്കം 16 രാജ്യങ്ങളിൽ ഒളിമ്പിക്സ് പ്രയാണത്തിൽ മറികടന്നെന്ന് ചെൻ. തായ്ലൻഡിലെ പേടിപ്പെടുത്തിയ വെള്ളപ്പൊക്കവും തുർക്കിയിലെ മരംകോച്ചുന്ന മഞ്ഞുവീഴ്ചയും സഹിച്ച് ഫ്രാൻസിൽനിന്ന് കടത്തുബോട്ട് വഴിയാണ് ഈ ചൈനക്കാരൻ ബ്രിട്ടനിലെത്തുന്നത്.

ഓരോ രാജ്യത്തെയും ചൈനക്കാർ ചേർന്നായിരുന്നു ചെൻ ഗ്വാൻമിങ്ങിന് യാത്രചെയ്യാനുള്ള വിസ സംഘടിപ്പിച്ചു നൽകിയത്. ചെന്നിന് ഒളിമ്പിക്സ് ഉദ്ഘാടനച്ചടങ്ങുകളുടെയടക്കം ടിക്കറ്റ് സംഘടിപ്പിക്കാൻ പലരും രംഗത്തെത്തുമ്പോഴും ലണ്ടനിലെത്തിയതുതന്നെ സന്തോഷമെന്ന നിലയിലാണ് ഈ ചൈനീസ് കർഷകൻ.

മുച്ചക്ര സൈക്കിൾ റിക്ഷയിൽ ലണ്ടനിലെത്തിയ ചെൻ ഗ്വാൻമിങ്

ടേബ്ൾ ടെന്നിസ് താരങ്ങൾ ഇന്നിറങ്ങും

ലണ്ടൻ: പ്രതീക്ഷകളുടെ ഭാരമോ മെഡൽ സ്വപ്നങ്ങളുടെ സമ്മർദമോയില്ല. കൊട്ടിഘോഷിക്കാൻ വമ്പൻ പേരുകളില്ല. എങ്കിലും ആദ്യ ഒളിമ്പിക്സിനിറങ്ങുന്ന ആവേശവുമായി ടേബ്ൾ ടെന്നിസ് സംഘം ശനിയാഴ്ച ലണ്ടനിൽ കളത്തിലിറങ്ങും. ഇന്ത്യയുടെ ടേബ്ൾ ടെന്നിസ് താരങ്ങളായ സൗമ്യജിത്ത് ഘോഷും അങ്കിത ദാസും ശനിയാഴ്ച മത്സരിക്കാനിറങ്ങും.

അപ്രതീക്ഷിത പ്രകടനമൊന്നും ഈ 19കാരിൽനിന്ന് ഇന്ത്യൻ സംഘം പ്രതീക്ഷിക്കുന്നില്ല. തന്നേക്കാൾ ഉയർന്ന റാങ്കിലുള്ള ബ്രസീൽ താരം ഗുസ്താവോ സുബോയിയാണ് സൗമ്യജിത്തിൻെറ എതിരാളി. സ്പാനിഷ് താരം സാറ റാമിറസുമായി അങ്കിത ആദ്യ റൗണ്ടിൽ ഏറ്റുമുട്ടും.

സുബോയിയുമായുള്ള മത്സരം വിജയിക്കുകയാണെങ്കിൽ അടുത്ത റൗണ്ടിൽ വടക്കൻ കൊറിയൻ താരം കിം ഹ്യോകായിരിക്കും സൗമ്യജിത്തിൻെറ എതിരാളി. രണ്ടാം റൗണ്ടിൽ പ്രവേശിക്കുകയാണെങ്കിൽ അങ്കിതയുടെ എതിരാളി യുക്രെയ്ൻ താരം മാർഗര്യട പെസോട്സകയാണ്.

സൗത് ഏഷ്യൻ ക്വോട്ടയിലൂടെയാണ് സൗമ്യജിത്തും അങ്കിതയും ഒളിമ്പിക്സിന് യോഗ്യത നേടിയത്. മുൻ ലോകചാമ്പ്യൻ പീറ്റർ കാശ്സണിൻെറ കീഴിലാണ് സൗമ്യജിത്ത് പരിശീലനം നടത്തിയത്. എന്നാൽ, അന്താരാഷ്ട്ര മത്സരങ്ങളിൽ വേണ്ടത്ര പരിചയമില്ലെന്നതാണ് അങ്കിതയെ കുഴക്കുന്നത്.

ഇന്ത്യ-ശ്രീലങ്ക മൂന്നാം ഏകദിനം ഇന്ന്

ശനി ആർക്കൊപ്പം?

ഉച്ച 2.30 മുതൽ ടെൻ ക്രിക്കറ്റിൽ

കൊളംബോ: ഇന്ത്യ-ശ്രീലങ്ക ഏകദിന പരമ്പരയിലെ മൂന്നാം മത്സരം ശനിയാഴ്ച കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ നടക്കും. കഴിഞ്ഞ രണ്ടിൽ ഓരോ കളികൾ ജയിച്ച് 1-1 എന്ന നിലയിൽ നിൽക്കുന്ന ഇരു ടീമിനും ഇന്നത്തെ ജയം പരമ്പര നേട്ടത്തിലേക്കുള്ള നിർണായക ചുവടാവും. ഹംബൻടോട്ടയിൽ നടന്ന പ്രഥമ മത്സരത്തിൽ ഇന്ത്യ 21 റൺസിൻെറ ജയമാണ് ആഘോഷിച്ചതെങ്കിൽ ഇതേ വേദിയിൽ ഒമ്പത് വിക്കറ്റിന് തകർപ്പൻ ജയവുമായി ആതിഥേയർ തിരിച്ചടിച്ചു.

കരുത്തുറ്റ ബാറ്റിങ് നിര കഴിഞ്ഞ മത്സരത്തിൽ തകർന്നടിഞ്ഞതാണ് എം.എസ് ധോണിയെ അലട്ടുന്നത്. സചിൻ ടെണ്ടുൽകറുടെ അഭാവം പ്രകടിപ്പിക്കാതെയായിരുന്നു ആദ്യ കളിയിൽ ഇന്ത്യൻതാരങ്ങൾ 300നപ്പുറം സ്കോർ ചെയ്തതെങ്കിൽ രണ്ട് ദിവസം കഴിഞ്ഞപ്പോൾ അവർ ബാറ്റിങ് മറന്നു. പ്രഥമ മത്സരത്തിൽ നിരാശപ്പെടുത്തിയ ഗൗതം ഗംഭീറാണ് ഒടുവിൽ രക്ഷക്കെത്തിയത്. ലങ്കയാവട്ടെ അവസരം നന്നായി മുതലെടുക്കുകയും ചെയ്തു.

തുടർച്ചയായി അവസരങ്ങൾ നൽകിയിട്ടും പരാജയപ്പെടുന്ന രോഹിത് ശർമയുടെ കാര്യത്തിൽ ഇന്ത്യൻ ക്യാമ്പ് പുനർവിചിന്തനത്തിന് മുതിരുന്നുണ്ട്. കഴിഞ്ഞ പത്ത് കളികളിൽ മുംബൈ ഇന്ത്യൻസ് ബാറ്റ്സ്മാൻ സ്കോർ ചെയ്തത് 156 റൺസ് മാത്രം. പകരം കൊൽക്കത്തക്കാരൻ മനോജ് തിവാരിയെ ആലോചിക്കുന്നുണ്ടെങ്കിലും രോഹിതിന് ശക്തമായ പിന്തുണയുമായി ഗംഭീർ അടക്കമുള്ളവർ രംഗത്തുണ്ട്. അജിൻക്യ രഹാനെയും അവസാന ഇലവനിൽ ഇടം തേടുന്നുണ്ട്.

ബൗളിങ് ലൈനപ്പിലും കാര്യമായ മാറ്റമുണ്ടാവില്ലെന്നാണ് കരുതുന്നത്. രാഹുൽ ശർമയുടെ കാര്യത്തിലുള്ള അനിശ്ചിതത്വം ഇനിയും നീങ്ങിയിട്ടില്ല. സഹീർ ഖാൻ-ഇർഫാൻ പത്താൻ-ഉമേഷ് യാദവ് പേസ് ത്രയങ്ങൾ ഇന്നും കളിക്കുമെന്ന പ്രതീക്ഷയിലാണെങ്കിൽ ഇവരിലൊരാളെ നീക്കി അശോക് ദിൻഡയെ ഉൾപ്പെടുത്തിയാൽ അദ്ഭുതപ്പെടാനില്ല.

മഹേല ജയവർധനയുടെ സംഘത്തിൽ ആശങ്കകളില്ല. ബാറ്റ്സ്മാന്മാരും ബൗളർമാരും ഫോമിലാണ്. രണ്ടാം മത്സരം 20 ഓവർപോലും തികക്കുന്നതിനുമുമ്പ് നേടാൻ കഴിഞ്ഞത് ടീമിൻെറ ആത്മവിശ്വാസം ഇരട്ടിയാക്കുന്നു. ഇന്ത്യക്കെതിരെ തിളങ്ങുന്നത് ശീലമാക്കിയ ഓൾ റൗണ്ടർ തിസാര പെരേരയാണ് അവരുടെ പ്രധാന ആയുധം.

ടീം ഇവരിൽനിന്ന്

ഇന്ത്യ: എം.എസ്. ധോണി (ക്യാപ്റ്റൻ), വിരാട് കോഹ്ലി, വീരേന്ദർ സെവാഗ്, ഗൗതം ഗംഭീർ, സുരേഷ് റെയ്ന, രോഹിത് ശർമ, അജിൻക്യ രഹാനെ, ആർ. അശ്വിൻ, ഇർഫാൻ പത്താൻ, സഹീർഖാൻ, ഉമേഷ് യാദവ്, രാഹുൽ ശർമ, മനോജ് തിവാരി, അശോക് ദിൻഡ, പ്രഗ്യാൻ ഓജ. ശ്രീലങ്ക: മഹേല ജയവർധനെ (ക്യാപ്റ്റൻ), എയ്ഞ്ചലോ മാത്യൂസ്, തിലകരത്നെ ദിൽഷൻ, കുമാർ സംഗക്കാര, ഉപുൽ തരംഗ, ദിനേശ് ചാണ്ഡിമൽ, തിസാര പെരേര, ലാഹിറു തിരിമന്ന, ലസിത് മലിംഗ, ചമര കപുഗെദെര, രംഗണ ഹെറാത്ത്, സചിത്ര സേനാനായകെ, ജീവൻ മെൻഡിസ്, ഇസുറു ഉദാന, നുവാൻ പ്രദീപ്.